## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1412 04.12.2014-ലെ മറുപടിക്ക്

## റോഡുകളുടെ നവീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഇ.പി. ജയരാജൻ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീമതി. അയിഷാ പോറ്റി<br>ശ്രീ. കെ.വി. അബ്ദുൽ ഖാദർ | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). സംസ്ഥാനത്തെ റോഡുകൾ കുണ്ടും കുഴിയും നിറഞ്ഞ് സഞ്ചാരയോഗ്യമല്ലാതായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ). & (ബി). | സംസ്ഥാനത്ത് പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിന്റെ കീഴിൽ വരുന്ന മിക്ക റോഡുകളും തന്നെ കേടുപാടുകൾ തീർത്ത് പരിപാലിക്കപ്പെടുന്നുണ്ട്. എന്നാൽ അതിശക്തമായ കാലവർഷത്തിൽ മണ്ണിടിച്ചിൽ മൂലവും വെള്ളക്കെട്ട് മൂലവും ചില ഭാഗങ്ങളിൽ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഇത്തരം കേടുപാടുകൾ തീർക്കുന്നതിന് അടിയന്തിരമായി ഭരണാനുമതി നൽകി അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച വരുന്നു. കാസർഗോഡ്-കാഞ്ഞങ്ങാട്, പിലാത്തറ-പാപ്പിനിശ്ശേരി, തലശ്ശേരി-വളവുപാറ, ചെങ്ങന്നൂർ-മൂവാറ്റുപ്പുഴ എം.സി. റോഡ്, പൊൻകുന്നം-തൊടുപുഴ എന്നീ റോഡുകളിലെ കുണ്ടും കുഴികളും ഈ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ തന്നെ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി റോഡ് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്.<br>കെ.എസ്.ടി.പി.-ഒന്ന്പദ്ധതിയിൽപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയ |
| (ബി). എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | | |

കഴക്കൂട്ടം-തൈക്കോട് റോഡും, തൈക്കോട് മുതൽ ചെങ്ങന്നൂർ വരെയുള്ള എം.സി. റോഡും യഥാക്രമം അറ്റകുറ്റപ്പണികൾ നടത്തി റോഡ് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. ഇതിനോടൊപ്പം 5 വർഷ ദീർഘ പരിപാലന കരാർ വ്യവസ്ഥയോടെ കെ.എസ്.ടി.പി. ഏറ്റെടുത്ത വിവിധ ജില്ലകളിലെ 13 റോഡുകളും അതാത് കരാറുകാർ തന്നെ അറ്റകുറ്റപ്പണി നടത്തി നല്ലനിലയിൽ പരിപാലിച്ചു വരുന്നു. കേരള റോഡ് ഫണ്ട് ബോർഡ് നടപ്പിലാക്കുന്ന തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകളുടെ നിലവാരം തൃപ്തികരമാണ്. 15 വർഷത്തെ പരിപാലന വ്യവസ്ഥയോടെ ഏറ്റെടുത്തിട്ടുള്ള ഈ റോഡുകളുടെ പരിപാലനം പദ്ധതിയുടെ കൺസെഷനറുടെ ചുമതലയിലാണ്. അതിനാൽ റോഡുകളുടെ അറ്റകുറ്റ പണികൾ യഥാസമയം നിർവ്വഹിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| (സി). | ഇതുമൂലം റോഡപകടങ്ങൾ വർദ്ധിക്കുകയും നിത്യേന അപകട മരണങ്ങൾ സംഭവിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; | (സി). | വാഹനാപടകങ്ങളുടെ കാരണം വാഹന ബാഹുല്യമാണ്. റോഡിലെ കുണ്ടും കുഴിയും മൂലം നടക്കുന്ന അപകടങ്ങൾ കുറവാണ് എന്നാലും ഇക്കാര്യം പരിശോധിക്കേണ്ടതുണ്ട്. |
| (ഡി). | യഥാസമയം റോഡുകളുടെ റീ-ടാറിംഗും അറ്റകുറ്റ പണികളും നടക്കാത്തതാണ് പ്രസ്തുത ശോച്യാവസ്ഥയ്ക്ക് കാരണമായിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി). | ഉണ്ട്. |
| (ഇ). | ഫണ്ടിന്റെ അപര്യാപ്തത റോഡ് നവീകരണ പ്രവൃത്തികളെ ബാധിച്ചിട്ടുണ്ടോ; | (ഇ). | ഫണ്ടിന്റെ അപര്യാപ്തത കൂടുതൽ റോഡ് നവീകരണ പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതിന് തടസ്സമാകുന്നുണ്ട്. |

| | | | |
|---|---|---|---|
| (എഫ്). | റോഡുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ വർഷം എന്തു തുകയാണ് അനുവദിച്ചത്; ഇതിൽ ഇതിനകം ചെലവായ തുകയെത്ര; | (എഫ്). | റോഡുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി പദ്ധതി ഇനത്തിൽ 116 കോടി രൂപയും പദ്ധത്യേതര ഇനത്തിൽ 654 കോടി രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഈ വർഷം ഇതു വരെ 776 കോടി രൂപ ചെലവായിട്ടുണ്ട്. കെ.എസ്.ടി.പി. പദ്ധതിക്ക് 2014-15 സാമ്പത്തിക വർഷം 217.58 കോടി രൂപയാണ് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിൽ 2014 ഒക്ടോബർ മാസം വരെ 67.87 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ജി). | റോഡുകളുടെ അറ്റകുറ്റപണികൾ യഥാസമയം നടത്താൻ കഴിയാതെ പോയതിന്റെ കാരണം വ്യക്തമാക്കുമോ ? | (ജി). | റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി യഥാസമയം തന്നെ ഭരണാനുമതി നൽകി പ്രവൃത്തികൾ നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ചില സ്ഥലങ്ങളിൽ നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം കൊണ്ടും മോശം കാലാവസ്ഥ കൊണ്ടും, പണികൾ നടപ്പിലാക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ട്. എന്നാൽ, ഇപ്പോൾ പ്രസ്തുത പ്രശ്നങ്ങളെല്ലാം പരിഹരിച്ച് മിക്ക സ്ഥലത്തും പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ